## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 465 | 06.03.2012ൽ മറുപടിയ്ക്ക് |
|---|---|
| **തന്റേടം ജൻഡർ പാർക്ക് പദ്ധതി** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ. കെ. അച്ചുതൻ<br>,, ലൂഡി ലൂയിസ്<br>,, സി.പി. മുഹമ്മദ്<br>,, കെ. മുരളീധരൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) തന്റേടം ജൻഡർ പാർക്ക് പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | തന്റേടം ജൻഡർ പാർക്ക് പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സി-ഡിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുന്നതനുസരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ജൻഡർ പാർക്കിന്റെ ഡിസൈനിംഗ് നടത്തുന്നതിലേക്കാവശ്യമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2012 മാർച്ച് 8 മുതൽ 17 വരെ നടക്കുന്ന ജൻഡർ ഫെസ്റ്റിനോടനുബന്ധിച്ച് തന്റേടം ജൻഡർ പാർക്കിന്റെ തറക്കല്ലിടൽ കർമ്മം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതി വഴി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) വികസനത്തിന്റെ ലിംഗപരമായ അസമത്വം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സാമൂഹ്യക്ഷേമവകുപ്പ് ആവിഷ്ക്കരിച്ച സംരംഭമാണ് തന്റേടം ജൻഡർ പാർക്ക്. സ്ത്രീ പഠനങ്ങൾക്കും |

| | |
|---|---|
| | പ്രവർത്തനങ്ങൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും വ്യക്തികൾക്കും ഒന്നിച്ചു ചേരാനുള്ള സവിശേഷ ഇടമാണിത്. സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും സാമൂഹിക സുരക്ഷ ഉറപ്പാക്കാനും സഹായകമായ നയപരിപാടികളുടെ അടിസ്ഥാന ത്തിലേക്കാണ് ഈ കൂട്ടായ്മ പ്രവർത്തിക്കുക. സ്ത്രീകൾ മുൻകൈയെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ, സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക വ്യത്യാസ ങ്ങൾക്കുപരിയായി ഒരു പൊതു സ്ഥലത്ത് ഏകോപിപ്പി ക്കുന്നതാണ് ജൻഡർ പാർക്ക്. സ്ത്രീകളുടെ സർഗ്ഗാത്മക , ബൗദ്ധിക ശേഷികൾക്ക് ഒന്നിച്ചു ചേരാനുള്ള വ്യത്യസ്തമായ ഒരിടം എന്നതാണ് ഈ പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. |
| (സി) ഈ പാർക്ക് എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) തന്റേടം ജൻഡർ പാർക്ക് സ്ഥാപിക്കുന്നത് കോഴിക്കോട് ജില്ലയിൽ വെള്ളിമാട് കുന്നിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്താണ്. |
| (ഡി) ഈ പദ്ധതിയുടെ പ്രചാരണത്തിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (ഡി) തന്റേടം ജൻഡർ പാർക്കിന്റെ പ്രചാരണത്തിനായി ഏറ്റവും പ്രധാനമായി, 2012 മാർച്ച് 8 മുതൽ 17 വരെ ജൻഡർ ഫെസ്റ്റ് നടത്തുന്നു. |

സെക്ഷൻ ഓഫീസർ